# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 10.03.2017-ൽ |
| ചോദ്യം നമ്പർ - 2926 | മറുപടിയ്ക്ക് |

## തീരദേശ ഹൈവേയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ തീരദേശ ഹൈവേയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) തീരദേശ ഹൈവേയുടെ പ്രാഥമിക സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്നും ആരംഭിയ്ക്കുകയും മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ എന്ന സ്ഥലത്തു അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) തീരദേശ ഹൈവേ കടന്നു പോകുന്ന മേഖലകളിൽ, റെയിൽവേ ഗേറ്റുകൾ വരുന്ന സ്ഥലങ്ങളിൽ, റെയിൽവേ മേൽപാലങ്ങൾ നിർമ്മിക്കുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയതിനു ശേഷമേ റയിൽവേ മേൽപ്പാലങ്ങളുടെ ആവശ്യകത കണക്കിലെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ